# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3464 — 12.05.2017-ൽ മറുപടിയ്ക്ക്

## കിഫ്ബിയിൽ ഉൾപ്പെടുത്തി തീയേറ്റർ സമുച്ചയ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.അബ്ദുറഹിമാൻ | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) കിഫ്ബിയിൽ ഉൾപ്പെടുത്തി നഗരങ്ങളിലും ഗ്രാമങ്ങളിലും നിർമ്മിക്കുന്ന തീയേറ്റർ സമുച്ചയങ്ങളുടെ നിലവിലെ സ്ഥിതി എന്താണ്; | (എ) ആധുനിക ചലച്ചിത്ര തീയേറ്റർ സമുച്ചയങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കിഫ്ബിയിൽ നിന്നും 100 കോടി രൂപ നിക്ഷേപിക്കുന്നതാണെന്ന് 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തീയേറ്റർ നിർമ്മാണത്തിന് സ്ഥലം വിട്ടു നൽകുവാൻ താത്പര്യം പ്രകടിപ്പിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ / വകുപ്പുകളുടെ സ്ഥലങ്ങൾ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ഉദ്യോഗസ്ഥസംഘം പരിശോധിക്കുകയും സ്ഥലം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കൈമാറുന്നതുമായി ബന്ധപ്പെട്ട നടപടികളുമായി സ്ഥാപന മേധാവികളുമായി തുടർ ചർച്ചകൾ നടന്നുവരികയുമാണ്. ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സ്ഥലം വിട്ടു നൽകുന്നതിനുള്ള കരട് കരാർ കൈമാറിയിട്ടുണ്ട്. കിഫ്ബി ഫണ്ടിംഗിനുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. |
| (ബി) എത്ര മണ്ഡലങ്ങളിലാണ് ഇതിനായി സ്ഥലം ലഭ്യമായിട്ടുള്ളത്; | (ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലെ 39 തദ്ദേശ സ്വയംഭരണ/വകുപ്പുകളിൽ നിന്നും ടി പദ്ധതിയിൽ പങ്കാളികളാകുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇവയുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിച്ച് എപ്പോൾ തീർക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്; | (സി) | ആദ്യ ഘട്ടത്തിൽ 100 കോടി രൂപയാണ് കിഫ്ബിയിൽ നിന്ന് ലഭിക്കുക. ഈ സാമ്പത്തിക വർഷം ഈ ഫണ്ടുപയോഗപ്പെടുത്തി 15 സ്ഥലങ്ങളിൽ 25 സ്ക്രീനുകളുടെ പണി തുടങ്ങാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) | താനൂർ നിയോജകമണ്ഡലത്തിലെ സിനിമ-നാടക തീയേറ്റർ സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ തുടങ്ങാനാവും ; | (ഡി) | താനൂർ നിയോജകമണ്ഡലത്തിൽ സിനിമ തീയേറ്റർ നിർമ്മാണത്തിനായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കൈമാറുവാൻ ഉദ്ദേശിക്കുന്ന സ്ഥലം പി.ഡബ്ല്യു.ഡിയിൽ നിന്ന് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ഇ) | ഒരു തീയേറ്റർ സമുച്ചയത്തിൽ എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് വ്യക്തമാക്കാമോ? | (ഇ) | രണ്ട് തീയേറ്ററടങ്ങുന്ന സമുച്ചയത്തിൽ നേരിട്ട് 10 പേർക്കും പരോക്ഷമായി 12 പേർക്കും തൊഴിൽ നൽകുവാൻ സാധിക്കും. എന്നാൽ തീയേറ്ററിന്റെ വിസ്താരമനുസരിച്ച് മേൽ കണക്കുകൾ മാറാവുന്നതാണ്. |

സെക്ഷൻ ഓഫീസർ